**പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം–തിരുവനന്തപുരം – സാങ്കേതികവിഭാഗം – ആലപ്പുഴ ജില്ല – ആലപ്പുഴ നഗരസഭ ആര്യാട് സൗത്ത് വില്ലേജ് ഗ്രീൻസ്ട്രിപ്പ് കൺസർവേഷൻ സോണിൽ വാസഗൃഹ പുനർനിർമ്മാണം- കൺകറൻസ് അംഗീകാരം സംബന്ധിച്ച്.

പരാമർശം:- 1. ആലപ്പുഴ നഗരസഭ സെക്രട്ടറിയുടെ 08/06/2023 തീയതിയിലെ E3-29931/2022 നമ്പർ കത്ത്.

2. ആലപ്പുഴ ജില്ലാ ടൗൺപ്ലാനറുടെ 08/08/2023, 12/12/2023 എന്നീ തീയതികളിലെ LSGD/JD/ALP/1880/2023-T3 നമ്പർ കത്തുകൾ.

=========================================== =====================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

**ഉത്തരവ്. നം. LSGD/PD/52677/2023-TCPA2** **തീയതി:05-03-2024**

=================================================================

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നഗരസഭ പരിധിയിൽ ആര്യാട് സൗത്ത് വില്ലേജിൽ സർവ്വേ നമ്പർ 29-16എ (റീസർവ്വേ നമ്പർ.78) -യിൽ ഉൾപ്പെട്ട 265 ച.മീ സ്ഥലത്ത് നിലവിലുള്ള 46.50 ച.മീ വിസ്തീർണ്ണമുള്ള വാസഗൃഹം പൊളിച്ചുമാറ്റി ഇരുനിലയുള്ളതും 187.68 ച.മീ ബിൽറ്റ് അപ് വിസ്തീർണ്ണമുള്ളതുമായ വാസഗൃഹം പുനർ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ജോജി മാത്യു, ശ്രീ.ജോൺ പി.എൻ, ചങ്കച്ചേരി ഹൗസ്, തത്തംപള്ളി വാർഡ്, ആലപ്പുഴ എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം ആലപ്പുഴ ജില്ലയുടെ അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരം ടൂറിസം പ്രമോഷൻ സോണിലും ജലപാതയിൽ നിന്നും 20മീ വീതിയിൽ വരുന്ന സ്പെഷ്യൽ സോൺ-6 ആയ ഗ്രീൻ സ്ട്രിപ്പ് കൺസർവേഷൻ സോണിൽ ഉൾപ്പെടുന്നതായും ടി മേഖലയിൽ ടി നിർമ്മാണം മൂലം പാരിസ്ഥിതിക സ്വാധീനം സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തി മാസ്റ്റർ പ്ലാനിന് മുൻപ് നിലവിലുള്ള കെട്ടിടത്തിൻറെ ഉപയോഗമാറ്റമില്ലാതെയുള്ള കൂട്ടിചേർക്കൽ പുനർനിർമ്മാണം എന്നിവ അനുവദനീയമാണെന്ന് ജില്ലാ ടൌൺ പ്ലാനർ മേൽ സൂചന 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതിൻറെ അടിസ്ഥാനത്തിലും താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ആലപ്പുഴ പട്ടണത്തിന്റെ അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതികൾ/ എൻ.ഒ.സികൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി

**നിർമ്മാണാനുമതി/ ഒക്യൂപൻസി നൽകാൻ പാടുള്ളൂ.**

2. **കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ 2019 ചട്ടം 9(2)** പ്രകാരം സ്ഥലത്തിന്റെ സർവ്വേ നമ്പർ, ഉടമസ്ഥത, വിസ്തൃതി, അതിരുകൾ, അളവുകൾ, **നിർമ്മാണാവകാശം, നിർദ്ദിഷ്ട സ്ഥലം പുറംമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല** എന്നിവ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, അനുബന്ധ സർക്കാർ ഉത്തരവുകൾ/ സർക്കുലറുകൾ, 1967-ലെ കേരള ഭൂ വിനിയോഗ ഉത്തരവ് എന്നിവക്ക് അനുസൃതമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
4. നിർമ്മാണം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾ 2019 **ചട്ടങ്ങൾക്കു വിധേയമായിരിക്കണം .**

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, ആലപ്പുഴ നഗരസഭ, ആലപ്പുഴ
പകർപ്പ്:-

1. ശ്രീ .ജോജി മാത്യൂ/ ശ്രീ.ജോൺ.പി.എൻ, ചങ്കച്ചേരി ഹൗസ്, തത്തംപള്ളി, ആലപ്പുഴ
2. ജില്ലാ ടൗൺപ്ലാനർ, ആലപ്പുഴ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം